**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1118** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതികളെ നേരിടുന്നതിനായി റവന്യൂ വകുപ്പ്, ദുരന്തനിവാരണ വകുപ്പ് മറ്റ് ഇതര വകുപ്പുകളുമായി സംയുക്ത യോഗം ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതികളെ നേരിടുന്നതിനായി റവന്യൂ വകുപ്പ് മറ്റ് ഇതര വകുപ്പുകളുമായി സംയുക്തയോഗം ചേർന്നിട്ടുള്ളതാണ്. ഓറഞ്ച് ബുക്ക് പ്രകാരമുള്ള മുന്നൊരുക്കങ്ങൾ നടത്തിയിട്ടുമുണ്ട്.

**(ബി)** ഉരുൾപ്പൊട്ടൽ സാധ്യതയുള്ള മേഖലകളിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കോട്ടയം ജില്ലയിൽ ഉരുൾപൊട്ടൽ സാധ്യതാ മേഖലകളിൽ മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് മൈനിങ് ആൻഡ് ജിയോളജി വകുപ്പും മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി ചേർന്ന് മാസത്തിൽ ഒരിക്കൽ സന്ദർശിച്ച ഒരു പൊതു അവലോകനം നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് നൽകണം എന്ന് ഓറഞ്ച് ബുക്ക് 2026 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ആയതുപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതു നിർവഹിച്ച് വരുന്നതുമാണ്. കൂടാതെ മുൻ വർഷങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ ലിസ്റ്റ് സർക്കാരിലേക്ക് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരുന്നു.

**(സി)** തീക്കോയിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തീക്കോയി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നതും നിർമ്മാണത്തിന് അനുവദിച്ച 45 ലക്ഷം രൂപ 27/02/2025 ലെ DCKTM/1052/2025-A9 നം നടപടിക്രമം പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ 8443-00-108 pwd deposit എന്ന ശീർഷകത്തിൽ ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്നതുമാണ്. തീക്കോയി സ്മാർട്ട് വില്ലേജ് ഓഫീസിന്റെ സൈറ്റിൽ നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റുന്നതിനായി SR value 56989.67/- രൂപയുള്ള സർവ്വേ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് അംഗീകരിക്കുകയും ആറ് തവണ MSTC മുഖാന്തരം ഇ-ഓക്ഷൻ നടത്തുകയുമുണ്ടായി. എന്നാൽ ലേലം ഉറപ്പിക്കാനാവാത്തതിനാൽ നാല് തവണ മാനുവൽ ലേലത്തിന് നോട്ടീസ് പ്രസിദ്ധീകരിച്ച് പരസ്യപ്പെടുത്തിയെങ്കിലും രണ്ടാമത്തെ

തവണ മാത്രമാണ് bidders എത്തുകയുണ്ടായതെന്നും ടിയാളുകൾ വില പറയുവാൻ തയ്യാറായിട്ടില്ലാത്തതുമാണ്. ഈ സാഹചര്യത്തിൽ അസിസ്റ്റൻ്റ് എൻജിനീയറുടെ കാഞ്ഞിരപ്പള്ളി കാര്യാലയത്തിൽ വെച്ച് വീണ്ടും ലേലം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**